

# വത്തിക്കാൻ തരംഗം

**പങ്കുവയ്ക്കപ്പെട്ട ഒരു ദൗത്യത്തിനായി പ്രാർത്ഥിക്കാം**

സഹഉത്തരവാദിത്വത്തിന്റെ അടയാളമായി, പുരോഹിതന്മാർക്കും മതവിശ്വാസികൾക്കും സാധാരണക്കാർക്കും ഇടയിൽ പങ്കുവെക്കുന്ന പങ്കാളിത്തവും കൂട്ടായ്മയും ദൗത്യവും പ്രോത്സാഹിപ്പിക്കുന്ന ഒരു സിനഡൽ ജീവിതശൈലി സഭ എല്ലാവിധത്തിലും നിലനിർത്താൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഒക്ടോബർ 2024

കെസിബിസി മീഡിയ Vol No.34 No.10 October 2024 Rs.5.00



33rd KCBC MEDIA AWARDS 2024
KCBC MEDIA COMMISSION POC, KOCHI
സാഹിത്യ പുരസ്കാരം
മാധ്യമ പുരസ്കാരം
യുവ പ്രതിഭ പുരസ്കാരം
ജോണി മിറാൻഡാ
സിജോ പൈനാടത്ത്
ജിലുമോൾ
ഗുരുപൂജ പുരസ്കാരം
സിബി ചങ്ങനാശ്ശേരി
ചാക്കോ കോലോത്തുമണ്ണിൽ
ഫാ. ആന്റണി ഉരുളിയാനിക്കൽ സി എം ഐ
ഫാ. ജോഷ്വാ കന്നിലേത്ത്
ദാർശനിക വൈജ്ഞാനിക പുരസ്കാരം
ഡോ. സീമാ ജെറോം
www.kcbcmediacommission.com
ICON MEDIA ONLINE
KCBC MEDIA
KCBC MEDIA
kcbcmediacom
KCBC NEWS
www.kcbcnews.com

വത്തിക്കാൻ തരംഗം
VATHICAN THARANGAM
October - 2024
RN. 55 178/94
പുസ്തകം- 34
Monthly
ലക്കം-10

# ഉള്ളടക്കം

- എഡിറ്റോറിയൽ ... 04
- സഭയിൽ മതിലുകൾ വേണ്ട ... 05
- രാഷ്ട്രീയം കാരുണ്യത്തിന്റെ ... 11
- ഓരോ ക്രൈസ്തവനും ... 17
- ദുർബലരുടെ ചാരെ ... 20
- നിങ്ങളുടെ രക്ഷകൻ ... 23
- വാർത്തയും ചിന്തയും ... 26

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* ◆ ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ

EDITORIAL



# നമുക്ക് അന്യോന്യം വെറുക്കാതിരിക്കാം, ശാന്തി ഉണ്ടാകട്ടെ!

ആർഷഭാരത സങ്കല്പത്തിൽ പരം പൊരുളും ശാന്തിയും തമ്മിലുള്ള സൗമ്യ ബന്ധത്തിന്റെ മൃദു സ്പന്ദനങ്ങൾ കേൾക്കാൻ കഴിയുന്നു. സമാധാനത്തിനുവേണ്ടി ഫ്രാൻസിസ് പാപ്പ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന ആഹ്വാനങ്ങൾ ലോകം ചെവിയോർക്കുന്ന ശാന്തിമന്ത്രങ്ങളിൽ ഉള്ളടങ്ങിയിട്ടുണ്ടെന്നതും നമ്മുടെ ധ്യാനചിന്തയാകേണ്ടതാണ്.

ആണവായുധങ്ങൾ മൂലം മാനവരാശിക്ക് നേരിട്ട ഭീകരമായ അനുഭവങ്ങൾ ലോക നേതാക്കളിൽ ചിലരെങ്കിലും വിസ്മരിച്ചുവോയെന്ന സന്ദേഹം ഇന്ന് പലരും പങ്കുവയ്ക്കുന്നു. റഷ്യ ഉക്രെയിൻ യുദ്ധവും പശ്ചിമേഷ്യയിലെ കലുഷിതമായ അന്തരീക്ഷവുമെല്ലാം ലോകം സമാധാനത്തിന്റെ പാതയിലൂടെയല്ല ചരിക്കുന്നതെന്ന മുന്നറിയിപ്പ് നൽകുന്നുണ്ട്.

2024 ഒക്ടോബർ 29ന് വത്തിക്കാനിൽ വച്ച് പൊതു കൂടിക്കാഴ്ചയിൽ സമാധാനം പരിശുദ്ധാത്മാവിന്റെ ദാനമാണെന്ന് പാപ്പ വിശ്വാസികളെ ഓർമ്മിപ്പിക്കുകയുണ്ടായി. "കുട്ടികളും സ്ത്രീകളും കുടുംബങ്ങളും യുദ്ധ ഭീകരതയുടെ അതിക്രൂരമായ അനുഭവങ്ങളിലൂടെ കടന്നുപോകുകയാണ്. യുദ്ധത്തിൽ ആരും ജയിക്കുന്നില്ല. യുദ്ധത്തിൽ ഏർപ്പെടുന്ന രാജ്യങ്ങൾ മാനവീയ പുരോഗതിയെ പിന്നാക്കം വലിക്കുന്നു. ഏത് രാജ്യക്കാരനായാലും യുദ്ധങ്ങളിലും സംഘട്ടനങ്ങളിലും മരിച്ചുവീഴുന്നവർ മനുഷ്യരാണ്. അവരുടെ നിലവിളി കേൾക്കാതിരിക്കാൻ നമുക്ക് കഴിയില്ല". പാപ്പ പറഞ്ഞു.



ദൈവവും മനുഷ്യനുമായുള്ള സംഭാഷണത്തിന്റെ അഭാവം ഈ പ്രപഞ്ചത്തെ സംഘർഷത്തിലാഴ്ത്തുന്നു. എക്കാലത്തും മുഴങ്ങിക്കേൾക്കുന്ന ശാന്തി മന്ത്രത്തിന്റെ അവസാനത്തെ രണ്ട് വാക്കുകൾ നമുക്ക് മറക്കാതിരിക്കാം: "മാ വിദ്വിഷാവഹൈ/ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ "
(നമുക്ക് അന്യോന്യം ദ്വേഷിക്കാതിരിക്കാം.
ശാന്തി ഉണ്ടാവട്ടെ! എന്ന് പരിഭാഷ) ❍

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ



# സഭയിൽ മതിലുകൾ വേണ്ട; വാതിലുകൾ പണിയൂ: മാർപാപ്പ

SPECIAL REPORT




**ബാബു കദളിക്കാട്**

**വത്തിക്കാൻ സിറ്റി:** വിശുദ്ധ സഭയിൽ എല്ലാവരെയും ചേർത്തുനിർത്താനാകണമെന്ന് ഫ്രാൻസിസ് മാർപാപ്പ. പതിനാറാമത് മെത്രാൻ സിനഡിന്റെ സമാപനത്തിൽ നൽകിയ സന്ദേശത്തിലാണ് അജപാലന ശുശ്രൂഷയിൽ മറ്റുള്ളവരെ ശ്രവിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയവേ സഭയിൽ മതിലുകൾ വേണ്ടെന്നും വാതിലുകൾ ആണു നിർമ്മിക്കേണ്ടതെന്നും പാപ്പ ഉദ്ബാധിപ്പിച്ചത്.

സിനഡാലിറ്റിയെ കുറിച്ചുള്ള പതിനാറാമത് മെത്രാൻ സിനഡ് ഒക്ടോബർ ഇരുപത്തിയേഴിന് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ, ഫ്രാൻസിസ് പാപ്പായുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയോടെ സമാപിച്ചു. കഴിഞ്ഞ മൂന്നു വർഷങ്ങളായി തുടർന്നു വന്ന സിനഡിലൂടെ ദൈവജനത്തെ കൂടുതൽ ശ്രവിക്കുവാൻ സാധിച്ചതിലും അതിന്റെ ഫലങ്ങൾ വിളവെടുക്കുവാൻ സാധിച്ചതിലുമുള്ള സന്തോഷം സമാപന സന്ദേശത്തിൽ പാപ്പാ പങ്കുവച്ചു. റോമിന്റെ മെത്രാൻ എന്ന നിലയിൽ താൻ പോലും, ഇനിയും എത്രയോ അധികമായി ദൈവജനത്തെ ശ്രവിക്കുവാനുണ്ടെന്ന ബോധ്യം ഈ സിനഡ് സമ്മേളനം തനിക്ക് നല്കി. സഭയിലെ ദൈവജനത്തിനിടയിലെ ബന്ധങ്ങളിലും സഭകൾ തമ്മിലുള്ള ബന്ധങ്ങളിലും

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ
## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

ആത്മാവ് നൽകുന്ന ഐക്യം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം – പാപ്പാ ചൂണ്ടിക്കാട്ടി.

പെന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവ് വിവിധ ഭാഷക്കാരെയും ദേശക്കാരെയും ഒരുമിച്ചുകൂട്ടി ഒരുമയുടെ സന്ദേശം നല്കി. അതുപോലെ ഏക മേശ ഒരുക്കി ജനതയെ കാത്തിരിക്കുന്ന ദൈവത്തിന്റെ പ്രതീക്ഷയുടെ അടയാളവും ഉപകരണവുമാണ് വിശുദ്ധ സഭയെന്ന് പാപ്പാ പറഞ്ഞു. അതിനാൽ സഭയിൽ മതിലുകൾ പണിയാതെ വാതിലുകൾ പണിയുവാനും പിറുപിറുക്കാതെ ഹൃദയത്തിൽ സ്നേഹത്തിന്റെ ബന്ധം വളർത്തുവാനും കഴിയണം. സിനഡ് ആരംഭിച്ചപ്പോൾ നടത്തിയ അനുരഞ്ജന ശുശ്രൂഷയുടെ പ്രാധാന്യവും പാപ്പാ എടുത്തു പറഞ്ഞു. യുദ്ധത്തിന്റെ ഭീകരത പിടിമുറുക്കിയിരിക്കുന്ന ദുരവസ്ഥയാണ് ലോകത്തിലുള്ളത്. അഭിപ്രായവ്യത്യാസങ്ങൾ സംഭാഷണത്തിലൂടെ മനസിലാക്കിക്കൊണ്ട് സമാധാനത്തിന്റെ സാക്ഷികളാകുവാൻ പാപ്പാ എല്ലാവരെയും ക്ഷണിച്ചു.

## സിനഡാന്തര രേഖ മാത്രം

സിനഡിന് ശേഷം പ്രസിദ്ധീകരിക്കുന്ന രേഖയ്ക്കുമപ്പുറം മറ്റൊരു അപ്പസ്തോലിക പ്രബോധനം പ്രസിദ്ധീകരിക്കുവാൻ താൻ ആഗ്രഹിക്കുന്നില്ല. വിവിധ ഭൂഖണ്ഡങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ സഭാ ദൗത്യത്തിന് വഴികാട്ടിയാകാൻ കഴിയുന്ന വളരെ വ്യക്തമായ സൂചനകൾ രേഖയിൽ ഉൾച്ചേർക്കപ്പെട്ടിട്ടുണ്ട്. സിനഡിന്റെ അവസാനരേഖ എത്രയും വേഗം എല്ലാവർക്കും എത്തിക്കുവാൻ ശ്രദ്ധിക്കണമെന്നും പാപ്പാ പറഞ്ഞു. അക്രമം, ദാരിദ്ര്യം, നിസ്സംഗത എന്നിവയാൽ അടയാളപ്പെടുത്തിയ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന ജനതയെ ഒരുമിച്ചുനടക്കുവാൻ സിനഡ് സഹായിച്ചു. സമാധാനത്തെക്കുറിച്ച് സ്വപ്നം കാണാൻ മാത്രമല്ല നമ്മുടെ എല്ലാ ശക്തിയും ഉപയോഗിച്ച് അത് യാഥാർത്ഥ്യമാക്കുവാൻ പരിശ്രമിക്കാം: ഈ ആഹ്വാനത്തോടെയാണ് സമാപന സന്ദേശം പാപ്പാ ഉപസംഹരിച്ചത്. ക്രിസ്തുവിനെ പ്രതി വധിക്കപ്പെട്ട റോമിലെ ആദ്യ നിണസാക്ഷികളുടെ നാമത്തിൽ വത്തിക്കാനിലുള്ള ചത്വരത്തിൽ സിനഡംഗങ്ങളുടെ പങ്കാളിത്തത്തോടെ നടത്തപ്പെട്ട എക്യുമെനിക്കൽ പ്രാർത്ഥനാശുശ്രൂഷാവേളയിൽ ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥന ഫ്രാൻസിസ് മാർപ്പാപ്പ നയിച്ചു. സിനഡാത്മക യാത്രയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നതെന്നും ക്രൈസ്തവരുടെ ഐക്യവും സിനഡാത്മകതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും തൽസമയം പാപ്പാ ഉദ്ബോധിപ്പിച്ചു. 'നിണസാക്ഷികളുടെ രക്തത്തിന്മേലാണ് വിശുദ്ധ പത്രോസിന്റെ ബസിലിക്ക പണിതുയർത്തപ്പെട്ടിരിക്കുന്നത്". ക്രിസ്തുവിനോട് അടുക്കുമ്പോൾ നാം പരസ്പരം അടുക്കുന്നുവെന്ന നമ്മുടെ ബോധ്യം ഈ നിണസാക്ഷികൾ ശക്തിപ്പെടുത്തട്ടെയെന്ന് പാപ്പാ ആശംസിച്ചു.

## ഐക്യം ഒരു കൃപയാണ്

വിവിധ ക്രൈസ്തവസഭകളിൽപ്പെട്ട സഹോദരപ്രതിനിധികളുടെ സാന്നിധ്യത്തെക്കുറിച്ചു സൂചിപ്പിച്ച പാപ്പാ കത്തോലിക്കാ സഭ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ ആദ്യമായി ഔദ്യോഗികമായി പാദമൂന്നുന്നതിനിടയാക്കിയ രണ്ടാം വത്തിക്കാൻ സൂനഹദോസ് 1962–ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദിനം ഒക്ടോബർ 11 ആയിരുന്നു എന്ന് അനുസ്മരിച്ചു. ഐക്യം ഒരു കൃപയും പ്രവചനാതീത ദാനവുമാണ്. അത് ഒരു യാത്രയാണെന്ന് സിനഡാത്മക പ്രക്രിയ പഠിപ്പിക്കുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി. ഐക്യം പക്വത പ്രാപിക്കുന്നത് ചലനത്തിലൂടെ, വഴി താണ്ടുന്നതിലൂടെ, ആണെന്നും പരസ്പര സേവനത്തിലും ജീവന്റെ സംഭാഷണത്തിലും സകല ക്രൈസ്തവരുടെയും സഹകരണത്തിലുമാണ് വളരുന്നതെന്നും പാപ്പാ കൂട്ടിച്ചേർത്തു.



ഐക്യം പൊരുത്തമാണെന്നും നാനാവിധ വദനങ്ങളിൽ ആവിഷ്കൃതമായ സഭയുടെ സൗന്ദര്യം വീണ്ടും കണ്ടെത്താൻ സിനഡ് നമ്മെ സഹായിക്കുന്നുവെന്നും പാപ്പാ പറഞ്ഞു. ക്രൈസ്തവർക്കിടയിലുള്ള ഭിന്നിപ്പിലും കർത്താവായ യേശുക്രിസ്തുവിന് ഒത്തൊരുമയോടെ സാക്ഷ്യം വഹിക്കാതിരിക്കുന്നതായ ഉതപ്പിലും നാം ലജ്ജിക്കണം. ക്രൈസ്തവർക്കിടയിൽ ഇപ്പോഴുമുള്ള മതിലുകളെ മറികടന്ന് ഉപരിമെച്ചപ്പെട്ടരീതിയിൽ വർത്തിക്കാൻ സിനഡ് നമുക്കൊരവസരമാകട്ടെയെന്ന് പാപ്പാ ആശംസിച്ചു. പൊതുവായ ഒരു സാക്ഷ്യവും പൊതുവായ ദൗത്യത്തിലുള്ള നമ്മുടെ വിശ്വസ്തതയും ലോകത്തിന് ആവശ്യമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു.

## അനുരഞ്ജന പുണ്യം

ദൈവാന്വേഷണം എല്ലാവരിലുമുണ്ടെന്ന് അനുസ്മരിപ്പിച്ച് ഫ്രാൻസിസ് പാപ്പാ. അനുരഞ്ജന കൂദാശയുടെ മഹിമയും ദിവ്യത്വവും അനുപമമാണെന്നും വത്തിക്കാനിലെ അനുരഞ്ജന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന കുമ്പസാര മന്ത്രാലയത്തിലെ സന്ന്യാസികളുമായി നടത്തിയ കൂടിക്കാഴ്ചാവേളയിൽ പാപ്പാ ഉദ്ബോധിപ്പിച്ചു. ഈ സേവനം ആരംഭിച്ചതിന്റെ ഇരുനൂറ്റിയമ്പതാം വാർഷികത്തിലായിരുന്നു പാപ്പാ കൂടിക്കാഴ്ച്ച അനുവദിച്ചത്.

ദിനവും വത്തിക്കാനിലെത്തുന്ന നാൽപ്പത്തിനായിരത്തിലധികം വരുന്ന സന്ദർശകർക്ക് ആത്മീയ ശാന്തി നൽകുവാൻ അനുരഞ്ജന ശുശ്രൂഷ ചെയ്യുന്ന ഫ്രാൻസിസ്കൻ സന്ന്യാസിമാർക്ക് ഫ്രാൻസിസ് പാപ്പാ നന്ദി പറഞ്ഞു. 1774 ൽ ആദ്യമായി ക്ലെമെന്റ്



പതിനാലാമനാണ് കുമ്പസാരത്തിന്റെ കൂദാശ പരികർമ്മം ചെയ്യുവാൻ സന്യാസിമാരെ ഏൽപ്പിച്ചത്.

**കുമ്പസാരക്കാരുടെ കടമ**

വളരെയധികം യാതനകൾ സഹിച്ച് വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെത്തുന്ന ആളുകളിൽ തീർത്ഥാടകരും വിനോദ സഞ്ചാരികളും ഉൾപ്പെടുന്നുവെങ്കിലും, അവരിൽ ഏറെപ്പേർ വിശുദ്ധ പത്രോസിന്റെ കബറിടത്തിങ്കൽ പോയി പ്രാർത്ഥിക്കുന്നത് അവരുടെ വിശ്വാസത്തിന്റെയും സഭയോടുള്ള ഐക്യത്തിന്റെയും പ്രതിഫലനമാണെന്നു പാപ്പാ പറഞ്ഞു. കലയുടെ സൗന്ദര്യം, ചരിത്രം, മനോഹാരിത എന്നിവയിൽ ആകൃഷ്ടരായി വ്യത്യസ്ത വിശ്വാസങ്ങളിൽ നിന്നുള്ളവർ പോലും വിനോദസഞ്ചാരികളായി ദേവാലയത്തിൽ പ്രവേശിക്കുന്നു. അവരിൽ കുടികൊള്ളുന്ന ദൈവാന്വേഷണം വളരെ പ്രാധാന്യമർഹിക്കുന്നുവെന്നു പാപ്പാ കൂട്ടിച്ചേർത്തു. ഈ സന്ദർഭത്തിൽ അനുരഞ്ജന കൂദാശയിലൂടെ കരുണയുടെ കർത്താവിനെ കണ്ടുമുട്ടുവാൻ, പരികർമ്മം ചെയ്യുന്നവരുടെ സാന്നിധ്യം ഏറെ പ്രധാനപ്പെട്ടതാണ്. 'പ്രിയ സുഹൃത്തുക്കളേ എല്ലാം, എല്ലാം, എല്ലാം ക്ഷമിക്കുക. എപ്പോഴും ക്ഷമിക്കുക', പാപ്പാ പറഞ്ഞു.

തുടർന്ന്, ഈ ശുശ്രൂഷയിൽ വേണ്ടുന്ന മൂന്നു കാര്യങ്ങൾ പാപ്പാ ചൂണ്ടിക്കാട്ടി. വിനയം: ഓരോ കുമ്പസാരക്കാരനും കൃപയുടെ നിധി ഒരു മൺപാത്രത്തിൽ വഹിക്കുന്ന ഒരു വ്യക്തിയാണ്. ഈ അസാധാരണ ശക്തി ദൈവത്തിന്റേതാണെന്നും നമ്മിൽ നിന്നും ഉള്ളതല്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പശ്ചാത്താപത്തോടെ ക്ഷമ തേടുന്ന വ്യക്തിയാണ് ഏറ്റവും നല്ല കുമ്പസാരക്കാരനെന്നും പാപ്പാ കൂട്ടിച്ചേർത്തു. രണ്ടാമത്തെ കാര്യം മറ്റുള്ളവരെ ശ്രവിക്കുവാനുള്ള മനസ്സാണ്. പശ്ചാത്തപിക്കുന്ന പാപിയുടെ വാക്കുകൾ സ്വന്തം പരിവർത്തനത്തിനുള്ള ദൈവത്തിൽ നിന്നുള്ള സമ്മാനമായി സ്വീകരിക്കണമെന്നും, യഥാർഥമായി ശ്രദ്ധിക്കുന്നതിലൂടെ, ദരിദ്രനും താഴ്മയുള്ളവനുമായ യേശുവിനെത്തന്നെയാണ് നാം ശ്രദ്ധിക്കുന്നതെന്നും പാപ്പാ പറഞ്ഞു.

ദൈവത്തിന്റെ പാപമോചനം വിതരണം ചെയ്യുന്നവർ എന്ന നിലയിൽ 'കരുണയുള്ള മനുഷ്യർ' ആയിരിക്കേണ്ടത് പ്രധാനമാണ്. ദയ എന്ന മൂന്നാമത്തെ പുണ്യവും പാപ്പാ എടുത്തു പറഞ്ഞു. സാമീപ്യം, കരുണ, അനുകമ്പ എന്നിവയാൽ സമ്പുഷ്ടമായ ദൈവത്തിന്റെ കരുണയുടെ തൈലം, വരുന്നവരുടെ മുറിവുകളിൽ ഒഴിക്കുവാനുള്ള കടമയാണ് ഓരോ കുമ്പസാരക്കാരനിലും നിക്ഷിപ്തമായിരിക്കുന്നതെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. ❍

# Knock, Ireland

TWO SESSIONS

2024
**DECEMBER 27 - 29**
09:00 AM - 7 PM

2024
**DECEMBER 31 - JANUARY 2 , 2025**
09:00 AM - 7 PM

Venue

Alexian Brothers
Churchfield
Knock
Co Mayo
F12PK73

# WORKSHOP ON CHARISMS

*Do you know ,what Charisms the Lord has bestowed upon you? Each one of you already possesses many charisms!*



*"For this reason, I remind you to stir into flame the gift of God..." (2 Timothy 1:6)*

*When these spiritual gifts are activated stirred, you will feel the anointing and can do great things for the Kingdom of God! Come and receive greater anointing and recognize your CHARISMS...*

*Holy Mass and Confession at Knock Shrine*



*Led by Br. Thomas Paul Kodiyan, Germany*

FOR MORE INFORMATION & REGISTRATION

John Larkin +353 87 687 8418

Sonia Noble +353 86 878 3252

Booking is required as spaces are limited

Voluntary donations appreciated,
no obligation



# രാഷ്ട്രീയം കാരുണ്യത്തിന്റെ പ്രതിരൂപമാകണമെന്ന് മാർപാപ്പ

SPECIAL REPORT

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



'കാരുണ്യത്തിന്റെ പ്രതിരൂപമാകാൻ കഴിയണം രാഷ്ട്രീയത്തിനെ'ന്ന് ഫ്രാൻസിസ് പാപ്പാ. ജി 7 രാജ്യങ്ങളിൽ നിന്നുള്ള മാനവിക വികസനത്തിനായുള്ള മന്ത്രിമാരുടെ സമ്മേളനം ഇറ്റലിയിലെ പെസ്കാരയിൽ നടക്കുന്ന പശ്ചാത്തലത്തിൽ, വിവിധ രാജ്യങ്ങളിൽ സേവനം ചെയ്യുന്ന ഇറ്റാലിയൻ മിഷനറിമാരുടെ സംഗമത്തിന് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിന്റെ കൈയൊപ്പോടുകൂടി എഴുതപ്പെട്ട പാപ്പായുടെ സന്ദേശത്തിലാണ് ഇതിനായുള്ള ആഹ്വാനമുള്ളത്. വിശാലമായ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ വിദ്യാഭ്യാസ സംരംഭങ്ങളെ പിന്തുണയ്ക്കണമെന്നുള്ള അഭ്യർത്ഥന ഒരിക്കൽകൂടി പുതുക്കിക്കൊണ്ടുള്ളതാണ്, ജി 7 രാജ്യങ്ങളിൽ നിന്നുള്ള മാനവിക വികസനത്തിനായുള്ള മന്ത്രിമാരുടെ സമ്മേളനം. ഭൗതികമായി മാത്രമല്ല എല്ലാറ്റിനുമുപരി മാനുഷികവും ആത്മീയവുമായ അസാധാരണമായ സാധ്യതകളുള്ള വിശാലമായ മേഖലയാണ് ആഫ്രിക്കൻ ഭൂഖണ്ഡമെന്നും, അവിടെ ഉള്ള സാധാരണക്കാർക്ക് വിജ്ഞാനം പങ്കുവയ്ക്കുവാൻ ഉതകും വിധം വികസനപ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും കൂട്ടായ സഹകരണം ഉണ്ടാകണമെന്നും പാപ്പായുടെ സന്ദേശ



ത്തിൽ അടിവരയിട്ടു പറയുന്നു.

**കുട്ടികളിലേക്ക് നോക്കു....**

അറിവും സാങ്കേതികവിദ്യകളും പങ്കുവയ്ക്കുവാൻ മിഷനറിമാർ നടത്തുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളെയും സന്ദേശത്തിൽ ചൂണ്ടിക്കാണിക്കുന്നു. ബഹുഭൂരിപക്ഷവും ചെറുപ്പക്കാരായ ഒരു ഭൂഖണ്ഡത്തിന്റെ സമ്പന്നമായ മനുഷ്യ മൂലധനം വർധിപ്പിക്കുവാനും പാപ്പാ ആഹ്വാനം ചെയ്യുന്നു. എന്നാൽ പ്രാഥമിക  വിദ്യാഭ്യാസം പോലും



നേടുവാൻ കഴിയാത്ത കുട്ടികളുടെ അവസ്ഥ ദയനീയമാണ്. നാടകീയമായ ഒരു അവസ്ഥ ഭൂഖണ്ഡത്തിൽ ഇത് സംജാതമാക്കുമെന്നും പാപ്പാ പറഞ്ഞു. 2024 വിദ്യാഭ്യാസ വർഷമായി പ്രഖ്യാപിക്കാൻ ആഫ്രിക്കൻ യൂണിയൻ തുനിഞ്ഞെങ്കിലും, അതിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കാതെപോകുന്നത് ഏറെ സങ്കടകരമാണ്. അതിനാൽ അവരെ സഹായിക്കുവാൻ ജി 7 രാജ്യങ്ങൾ സഹകരിക്കണമെന്നു പാപ്പാ അഭ്യർത്ഥിച്ചു. ധനസഹായവും, ദാരിദ്ര്യനിർമ്മാർജ്ജനവും, സാർവത്രിക പ്രാഥമിക വിദ്യാഭ്യാസവും, ആരോഗ്യപരിപാലനവും, സമാധാനസംസ്ഥാപനവും ആഫ്രിക്കയെ സംബന്ധിച്ചിടത്തോളം ഏറെ അത്യന്താപേക്ഷിതമെന്നും സന്ദേശത്തിൽ കൂട്ടിച്ചേർക്കുന്നു. 'പ്രാർത്ഥന കഴിഞ്ഞാൽ, രാഷ്ട്രീയം കാരുണ്യത്തിന്റെ ഏറ്റവും ഉയർന്ന രൂപമാണെന്നുള്ള' വിശുദ്ധ പോൾ ആറാമൻ പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പ്രതിബദ്ധതകളെപ്പറ്റി കൂടുതൽ ഉണർവ്വുള്ളവരായിക്കൊണ്ട്, സർക്കാരിതര സംഘടനകളുടെയും സാമൂഹിക സംഘടനകളുടെയും സഹായത്തോടെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കണമെന്നും ഇതിൽ വിശ്വാസമർപ്പിക്കുന്നുവെന്നും പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം ഉപസംഹരിക്കുന്നത്.

**പരിശുദ്ധാത്മ ഉറപ്പിൽ**
**ദാമ്പത്യ കൂട്ടായ്മ**

കുടുംബത്തിൽ അംഗങ്ങൾക്കിടയിലെ പരസ്പര സ്നേഹബന്ധം പരിശുദ്ധാത്മാവിലാണ് ഉറപ്പിക്കപ്പെടുന്നതെന്ന് ഫ്രാൻസിസ് പാപ്പാ. ഒക്ടോബർ 23 ന് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ പ്രതിവാര പൊതു കൂടിക്കാഴ്ചാ വേളയിലെ സന്ദേശത്തിലായിരുന്നു ഈ ഉദ്ബോധനം. 'പ്രിയപ്പെട്ടവരേ നമുക്ക് പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്ന് ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല കാരണം ദൈവം സ്നേഹമാണ്.'എന്ന വിശുദ്ധ യോഹന്നാന്റെ ഒന്നാം ലേഖനം നാലാം അധ്യായം, ഏഴും എട്ടും തിരുവചനങ്ങൾ വായിക്കപ്പെട്ട ശേഷമായിരുന്നു പാപ്പാ സന്ദേശമേകിയത്. പാപ്പായുടെ പ്രഭാഷണത്തിൽ നിന്ന്:. വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് നാം ഏറ്റുപറയുന്നതാണ് കഴിഞ്ഞ തവണ നാം വിശദീകരിച്ചു ശ്രവിച്ചത്. എന്നിരുന്നാലും, സഭയുടെ പ്രതിഫലനം ആ ഹ്രസ്വമായ വിശ്വാസപ്രമാണത്തിൽ മാത്രം ഒതുങ്ങിനിൽക്കാതെ, സഭാപിതാക്കന്മാരുടെയും പണ്ഡിതരുടെയും പഠനങ്ങളിലൂടെ കിഴക്കും പടിഞ്ഞാറും ഇത് സംബന്ധിച്ചുള്ള വിശദമായ ബോധ്യങ്ങളിലേക്ക് നയിച്ചു . ഇന്ന്, പ്രത്യേകിച്ചും, ലത്തീൻ പാരമ്പര്യത്തിൽ വേരൂന്നിയ പരിശുദ്ധാത്മാവിനെ പറ്റിയുള്ള ചില പഠനഫലങ്ങൾ അവലോകനം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് ക്രിസ്തീയ ജീവിതത്തെയും പ്രത്യേകിച്ച് വിവാഹത്തിന്റെ കൂദാശയെയും എങ്ങനെ പ്രകാശിപ്പിക്കുന്നുവെന്ന് നമുക്ക് കാണാം. ഈ പഠനങ്ങൾ നമ്മുടെ വിചിന്തനത്തിന് കൊണ്ടുവരുന്നതിൽ പ്രധാന പങ്കു വഹിച്ചത്, വിശുദ്ധ ആഗസ്തീനോസ്

ആണ്. 'ദൈവം സ്നേഹമാണ്' (1 യോഹന്നാൻ 4.8) എന്ന വെളിപാടിൽ നിന്നാണ് വിശുദ്ധാൻ ആരംഭിക്കുന്നത്.



**ദൈവം ഏക ദൈവം**

സ്നേഹം, മുൻനിർത്തുന്ന ചില ഘടകങ്ങളുണ്ട്: ഒന്ന് സ്നേഹിക്കുന്നവൻ, രണ്ടു സ്നേഹിക്കപ്പെടുന്നവൻ, മൂന്നു ഇവരെ രണ്ടുപേരെയും ബന്ധിപ്പിക്കുന്ന സ്നേഹം. പരിശുദ്ധ ത്രിത്വത്തിൽ പിതാവ് സ്നേഹിക്കുന്നവനാണ്, ഒപ്പം എല്ലാറ്റിന്റെയും ഉറവിടവും ആരംഭവുമാണ്; പുത്രൻ സ്നേഹിക്കപ്പെടുന്നവനാണ്, പരിശുദ്ധാത്മാവ് അവരെ ഒന്നിപ്പിക്കുന്ന സ്നേഹമാണ്. അതുകൊണ്ട് ദൈവം ഒരു 'ഏക' ദൈവമാണ്, എന്നാൽ ഒരു ഏകാന്ത ദൈവമല്ല; അത് കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും ഐക്യമാണ്. ഈ രീതിയിൽ, പരിശുദ്ധാത്മാവിനെ , ത്രിത്വത്തിന്റെ 'മൂന്നാം വ്യക്തി' എന്നല്ല, മറിച്ച് 'ആദ്യ വ്യക്തി ബഹുവചനം' എന്നാണ് വിളിക്കേണ്ടതെന്ന് ഒരാൾ നിർദേശിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ പിതാവിന്റെയും പുത്രന്റെയും ദൈവിക നാമമാണ്, വ്യത്യസ്ത ആളുകൾ തമ്മിലുള്ള ഐക്യത്തിന്റെ ബന്ധം, സഭയുടെ ഐക്യത്തിന്റെ തത്വം, ഇത് കൃത്യമായി നിരവധി ആളുകളിൽ നിന്ന് ഉണ്ടാകുന്ന ഒരു 'ഏക ശരീരം' ആണ്. പരിശുദ്ധ ത്രിത്വത്തിൽ, പിതാവ് സ്നേഹിക്കുന്നവനാണ്, ഒപ്പം എല്ലാറ്റിന്റെയും ഉറവിടവും ആരംഭവുമാണ്; പുത്രൻ സ്നേഹിക്കപ്പെടുന്നവനാണ്, പരിശുദ്ധാത്മാവ് അവരെ ഒന്നിപ്പിക്കുന്ന സ്നേഹമാണ്. അതുകൊണ്ട് ദൈവം ഒരു 'ഏക' ദൈവമാണ്, എന്നാൽ ഒരു ഏകാന്ത ദൈവമല്ല; അത് കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും ഐക്യമാണ്. ഞാൻ പറഞ്ഞതുപോലെ, ഇന്ന് പരിശുദ്ധാത്മാവിന് കുടുംബത്തോട് എന്താണ് പറയാനുള്ളത് എന്ന് നിങ്ങളോട് ചേർന്ന് പ്രത്യേകമായി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിവാഹവുമായി പരിശുദ്ധാത്മാവിന് എന്ത് ബന്ധമുണ്ട്? അത്യന്താപേക്ഷിതമായി ചിന്തിക്കേണ്ടുന്ന ഒരു കാര്യമാണിത്. ഇത് വിശദീകരിക്കാൻ ഞാൻ ശ്രമിക്കുന്നു! ക്രിസ്തീയ വിവാഹം എന്നത് പുരുഷനും സ്ത്രീയും പരസ്പരം ദാനമായി മാറുന്നതിന്റെ കൂദാശയാണ്. 'അവൻ മനുഷ്യനെ തന്റെ ഛായയിൽ സൃഷ്ടിച്ചപ്പോൾ ധ...പ: ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു' (ഉൽപത്തി 1:27) സ്രഷ്ടാവ് ചിന്തിച്ചത് ഇതാണ്. അതിനാൽ ത്രിത്വമായ സ്നേഹത്തിന്റെ കൂട്ടായ്മയുടെ ആദ്യത്തേതും പ്രാഥമികവുമായ സാക്ഷാത്കാരമാണ് മനുഷ്യ ദമ്പതികൾ. ഭാര്യാഭർത്താക്കന്മാർ 'ഞങ്ങൾ' എന്ന ബഹുവചനരൂപം സ്വീകരിക്കണം, അപ്രകാരം തങ്ങളെത്തന്നെ രൂപപ്പെടുത്തണം. പരസ്പരം മുന്നിൽ 'ഞാനും' 'നീയും' ആയി ഒന്നിച്ചു നിൽക്കുക, കുട്ടികൾ ഉൾപ്പെടെയുള്ള ലോകത്തിന്റെ മുമ്പിൽ 'ഞങ്ങൾ' ആയി നിൽക്കുക.

**മാതാപിതാക്കളുടെ ഐക്യം**

യേശുവിനെ പന്ത്രണ്ടുവയസ്സിൽ ദൈവാലയത്തിൽ കാണാതെ പോയിട്ട് തിരികെ കിട്ടുമ്പോൾ മറിയം പറഞ്ഞതുപോലെ ഒരു അമ്മ തന്റെ കുട്ടിയോട് പറയുന്ന വാക്കുകൾ കേൾക്കുവാൻ എത്ര സന്തോഷകരമാണ്: 'നിന്റെ പിതാവും ഞാനും...', (ലൂക്കാ 2:48 ), അതുപോലെ തന്നെ പിതാവ് പറയുന്നത് ഇപ്രകാരമാണ്: 'നിന്റെ അമ്മയും ഞാനും', ഏതാണ്ട് അവർ ഒരൊറ്റ സത്തയാണെന്ന ധ്വനി ജനിപ്പിക്കുന്ന വാക്കുകൾ. ഈ മാതാപിതാക്കളുടെ ഐക്യം കുട്ടികൾക്ക് എത്രത്തോളം ആവശ്യമാണെന്ന് നമുക്ക് മനസിലാക്കാം, എന്നാൽ അത് ഇല്ലാതാകുന്ന അവ



സ്ഥയിലോ അവർ എത്രമാത്രം കഷ്ടപ്പെടുന്നു! അപ്പനും അമ്മയും വേർപിരിഞ്ഞു കഴിയുന്ന കുടുംബത്തിൽ കുഞ്ഞുങ്ങൾ എത്രയോ വിഷമം അനുഭവിക്കുന്നു! എന്നിരുന്നാലും, വിവാഹമെന്ന ഈ ദൈവവിളിയുമായി പൊരുത്തപ്പെടുന്നതിന്, വിവാഹമെന്ന കൂദാശയിൽ പരസ്പരം ശ്രേഷ്ഠമായ ദാനങ്ങളായി മാറുന്നതിനു ദാനമായവന്റെ പിന്തുണ ആവശ്യമാണ്. പരിശുദ്ധാത്മാവ് പ്രവേശിക്കുന്നിടത്ത്, സ്വയം സമർപ്പിക്കുന്നതിനുള്ള കഴിവ് പുനർജനിക്കുന്നു. ത്രിത്വത്തിലെ പിതാവിന്റെയും പുത്രന്റെയും പരസ്പരമുള്ള ദാനമാണ് പരിശുദ്ധാത്മാവായതിനാൽ , അവർക്കിടയിൽ വാഴുന്ന സന്തോഷത്തിന് കാരണവും അത് തന്നെയാണെന്ന് ലത്തീൻ സഭയിലെ ചില പിതാക്കന്മാർ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. അത്, ചുംബനവും ആലിംഗനവും പോലെയുള്ള ദാമ്പത്യ ജീവിതത്തിന്റെ സാധാരണ ആംഗ്യങ്ങളുടെ പ്രതിഫലനമാണെന്ന് സമർത്ഥിക്കുവാനും ഈ പിതാക്കന്മാർ ഭയപ്പെട്ടില്ല.

**ഐക്യം എളുപ്പമല്ല**

ഇന്നത്തെ ആധുനികയുഗത്തിൽ അത്തരം ഐക്യം എളുപ്പമുള്ള ഒരു ലക്ഷ്യമാണെന്ന് ആരും പറയുന്നില്ല. എന്നാൽ സ്രഷ്ടാവ് ഉദ്ദേശിച്ചതും അതിനാൽ അവയുടെ സ്വഭാവത്തിലുള്ളതുമായ കാര്യങ്ങളുടെ സത്യമാണിത്. തീർച്ചയായും, പാറയെക്കാൾ മണലിൽ പണിയുന്നത് എളുപ്പവും വേഗവുമാണെന്ന് തോന്നിയേക്കാം; എന്നാൽ അതിന്റെ ഫലം എന്താണെന്ന് യേശുവിന്റെ ഉപമ പറയുന്നു (മത്തായി 7:24-27 ). വിവാഹജീവിതത്തിന്റെ ഈ സാഹചര്യത്തിൽ, നമുക്ക് ഉപമയുടെ ആവശ്യം പോലുമില്ല, കാരണം മണലിൽ കെട്ടിപ്പടുക്കുന്ന വിവാഹങ്ങളുടെ അന

ന്തരഫലങ്ങൾ, നിർഭാഗ്യവശാൽ, എല്ലാവർക്കും കാണാവുന്നതേയുള്ളൂ, മാത്രമല്ല അതിനു വലിയ വിലകൊടുക്കേണ്ടിവരുന്നത് കുട്ടികളും! സ്നേഹത്തിന്റെ അഭാവം സൃഷ്ടിക്കുന്ന മാതാപിതാക്കൾക്കിടയിലെ വേർപിരിയൽ കുട്ടികളെയാണ് ഏറ്റവും ദുരിതത്തിലാക്കുന്നത്. ഗലീലിയിലെ കാനായിൽ വച്ച് മറിയം യേശുവിനോട് പറഞ്ഞത് വിവാഹജീവിതത്തിൽ ദമ്പതികൾ ആവർത്തിക്കണം: 'അവർക്ക് വീഞ്ഞില്ല' (യോഹ 2:3). എന്നിരുന്നാലും, പരിശുദ്ധാത്മാവിനാൽ, ആത്മീയ തലത്തിൽ, ആ അവസരത്തിൽ യേശു ചെയ്ത അത്ഭുതം, അതായത്, ജലത്തെ വീഞ്ഞാക്കി മാറ്റിയ ഒരു നവസന്തോഷം ഉരുവാക്കി. ഇന്നും അത് തുടർന്നുകൊണ്ടേയിരിക്കുന്നു. ഇത് ഒരു ഭക്തിസാന്ദ്രമായ മിഥ്യയല്ല: പല വിവാഹങ്ങളിലും ദമ്പതികളുടെ പ്രാർത്ഥനയാൽ പരിശുദ്ധാത്മാവ് നടത്തുന്ന യഥാർത്ഥ പ്രവർത്തനമാണ്. നിയമപരവും മനഃശാസ്ത്രപരവും ധാർമ്മികവുമായ ഒരുക്കങ്ങൾക്കൊപ്പം , വിവാഹ നിശ്ചയം കഴിഞ്ഞ ദമ്പതികളുടെ തയ്യാറെടുപ്പിൽ ഈ 'ആത്മീയ' വീക്ഷണം ആഴത്തിൽ പര്യവേക്ഷണം ചെയ്താൽ അത് ഏറെ നന്നായിരിക്കും. ആത്മീയമായ ഒരുക്കം പരിശുദ്ധാത്മാവിലുള്ളതാണ്. ഒരു ഇറ്റാലിയൻ പഴഞ്ചൊല്ല് ഇപ്രകാരം പറയുന്നു: ഭർത്താക്കന്മാർക്കും ഭാര്യയ്ക്കും ഇടയിൽ വിരൽ വയ്ക്കരുത്(വിരൽ വയ്ക്കുക എന്നാൽ ആവശ്യമില്ലാതെയുള്ള ഇടപെടലുകൾ നടത്തുക). പകരം, ഭാര്യയ്ക്കും ഭർത്താവിനും ഇടയിൽ ഒരു 'വിരൽ' ഉണ്ട്. അത് കൃത്യമായി 'ദൈവത്തിന്റെ വിരൽ' ആണ്, പരിശുദ്ധാത്മാവാണ്.

## ശാന്തി ആത്മദാനം

യുദ്ധങ്ങൾക്കെതിരെ വീണ്ടും ശബ്ദമുയർത്തിയും, സമാധാനത്തിനായി പ്രാർത്ഥനയ്ക്ക് ആഹ്വാനം ചെയ്തും ഫ്രാൻസിസ് പാപ്പാ. ഒക്ടോബർ 29 ന് വത്തിക്കാനിൽ അനുവദിച്ച പൊതുകൂടിക്കാഴ്ചാവേളയിൽ സംസാരിക്കവെയാണ് ഗാസായിൽ 150 ആളുകൾ കൊല്ലപ്പെട്ട സംഭവത്തിന്റെ കൂടി വെളിച്ചത്തിൽ യുദ്ധത്തിനും സായുധസംഘർഷങ്ങൾക്കുമെതിരെ പാപ്പാ ഏവരുടെയും ശ്രദ്ധ ക്ഷണിച്ചത്. കുട്ടികളും കുടുംബങ്ങളുമാണ് യുദ്ധങ്ങളുടെ ആദ്യ ഇരകളെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സായുധസംഘർഷങ്ങളും യുദ്ധങ്ങളും ഗുരുതരമായി തുടരുന്ന പശ്ചാത്തലത്തിൽ, പരിശുദ്ധാത്മാവിന്റെ ദാനമായ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തു. കൊടിയ പീഡനങ്ങൾ നേരിടുന്ന ഉക്രൈൻ, പാലസ്തീൻ, ഇസ്രായേൽ, മ്യാന്മാർ, വടക്കൻ കിവു, തുടങ്ങി നിരവധി രാജ്യങ്ങൾ കടുത്ത യുദ്ധഭീകരതയിലൂടെയാണ് കടന്നുപോകുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. സമാധാനത്തിനായി പ്രാർത്ഥിക്കാമെന്ന് പറഞ്ഞ പാപ്പാ, അത് ആത്മാവിന്റെ ദാനമാണെന്നും യുദ്ധം എന്നത് എല്ലായ്പ്പോഴും ഒരു പരാജയമാണെന്നും ഉദ്ബോധിപ്പിച്ചു. യുദ്ധങ്ങളിൽ ആരും ജയിക്കുന്നില്ലെന്നും അവയിൽ ഏർപ്പെട്ടിരിക്കുന്നവരേവരും പരാജയപ്പെടുകയാണെന്നും പറഞ്ഞ പാപ്പാ, ഗാസായിൽ കഴിഞ്ഞ ദിവസം 150 നിഷ്കളങ്കരായ മനുഷ്യരാണ് കൊല ചെയ്യപ്പെട്ടതെന്ന് അനുസ്മരിച്ചു.കഴിഞ്ഞ ഏതാനും മാസങ്ങളായി എല്ലാ പൊതുകൂടിക്കാഴ്ചാസമ്മേളനങ്ങളിലും, ത്രികാലജപപ്രാർത്ഥനാവേളകളിലും, മറ്റ് ചടങ്ങുകളിലും യുദ്ധങ്ങൾക്കെതിരെയും, യുദ്ധത്തിന്റെ ഇരകൾക്കുവേണ്ടിയും ശബ്ദമുയർത്തുന്ന പാപ്പാ, ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടാൻവേണ്ടി പ്രാർത്ഥിക്കാൻ ഏവരോടും ആവശ്യപ്പെടുന്നുണ്ട്. ❍




# ഓരോ ക്രൈസ്തവനും മിഷനറിമാരെന്ന് മാർപാപ്പ

SPECIAL REPORT



**ഡോ. എഡ്‌വേർഡ് എടേഴത്ത്**
യു എസ് എ

98 മത് ആഗോള മിഷൻ ഞായറാഴ്ചയായിരുന്ന ഒക്ടോബർ ഇരുപതിന് സഭയിൽ പ്രേഷിത ദൗത്യത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞു ഫ്രാൻസിസ് പാപ്പാ. വത്തിക്കാനിൽ ഫ്രാൻസിസ് പാപ്പാ നേതൃത്വം നൽകിയ മധ്യാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം, ക്രൈസ്തവർ ജീവിതത്തിൽ സ്വീകരിച്ചിരിക്കുന്ന പ്രേഷിത ദൗത്യം വളരെ പ്രാധാന്യമർഹിക്കുന്നതാണെന്നു പാപ്പാ ചൂണ്ടിക്കാട്ടി. പ്രേഷിതപ്രവർത്തനമെന്നാൽ, നമ്മെ സ്നേഹിക്കുകയും അവിടുത്തെ സന്തോഷത്തിൽ നമ്മെ പങ്കാളികളാക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക് എല്ലാവരെയും ക്ഷണിക്കുക എന്നതാണെന്നും അടിവരയിട്ടു പറഞ്ഞു.

മിഷൻ ഞായറാഴ്ചയുടെ ഇത്തവണത്തെ ആപ്തവാക്യം, 'അതിനാൽ നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിരുന്നിനു ക്ഷണിക്കുവിൻ' എന്ന വിശുദ്ധ മത്തായിയുടെ സുവിശേഷം ഇരുപത്തിരണ്ടാം അദ്ധ്യായം ഒൻപതാം തിരുവചനമായിരുന്നു. ഓരോ ക്രിസ്ത്യാനിയും അവന്റെ പ്രത്യേക പരിതഃസ്ഥിതികളിൽ ഈ സാർവത്രിക പ്രേഷിത ദൗത്യത്തിൽ പങ്കാളികളായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ വേണ്ടിയാണ് വിശുദ്ധർ നമ്മെ ക്ഷണിക്കുന്നതെന്നും പാപ്പാ പറഞ്ഞു. ലോകത്തിന്റെ



വിവിധ മേഖലകളിൽ പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ട്, ക്രിസ്തുവിന്റെ സുവിശേഷത്തിനു വെളിച്ചം നൽകുന്ന മിഷനറിമാരായ ആളുകൾക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിച്ചു. പ്രാർത്ഥനയ്ക്കൊപ്പം, അവരെ സഹായിക്കേണ്ടതിന്റെ ആവശ്യകതയും പാപ്പാ ചൂണ്ടിക്കാട്ടി. മിഷൻ ഞായറാഴ്ച തന്നെ, വത്തിക്കാൻ ചത്വരത്തിൽ ഫ്രാൻസിസ് പാപ്പാ സഭയിൽ പുതിയതായി ഏതാനും വിശുദ്ധരെ കൂടി പ്രഖ്യാപിച്ച് അവരെ അൾത്താരവണക്കത്തിനു സമർപ്പിച്ചുവെന്നതും ഇത്തവണത്തെ പ്രത്യേകതയായി.

## പട്ടിണി മാറ്റുക

പട്ടിണിയും ദാരിദ്ര്യവും എന്നന്നേക്കുമായി ഇല്ലാതാക്കാനും ഏവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ആഹ്വാനം ചെയ്ത് ഫ്രാൻസിസ് പാപ്പാ. റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന, ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടനയ്ക്ക് ലോക ഭക്ഷ്യദിനമായ ഒക്ടോബർ 16–ന് അയച്ച (എഫ് എ ഒ) സന്ദേശത്തിലാണ് പട്ടിണിയെന്ന ദുരിതം ഇല്ലാതാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പാപ്പാ ഓർമ്മിപ്പിച്ചത്. സൈനിക ചെലവുകളുടെ പേരിൽ വിനിയോഗിക്കപ്പെടുന്ന ധനം, പാവപ്പെട്ടവർക്ക് ഭക്ഷണം ഉറപ്പാക്കുന്നതിനും, ആരോഗ്യപരിരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ഇതേ ദിവസം എക്സിൽ കുറിച്ച ഒരു സന്ദേശത്തിലൂടെയും പാപ്പാ ഉദ്ബോധിപ്പിച്ചിരുന്നു. ഭക്ഷ്യശൃംഖലയുടെ അവസാനകണ്ണിയായി നിൽക്കുന്ന ചെറുകിട കർഷകരുടെയും, മറ്റുള്ളവർക്ക് ഭക്ഷണമേകുന്ന കുടുംബങ്ങളുടെയും, സംഘടനകളുടെയും ആവശ്യങ്ങൾക്ക് ചെവികൊടുക്കാൻ അന്താരാഷ്ട്ര വിപണന രംഗത്ത് പ്രവർത്തിക്കുന്നവരോടും സാമ്പത്തിക നേതൃത്വങ്ങളോടും പാപ്പാ ആവശ്യപ്പെട്ടു. ഇത്തരം ആളുകളുടെ ആവശ്യങ്ങൾ സാധിതമാക്കുന്ന തീരുമാനങ്ങളാണ് കൊണ്ടുവരേണ്ടത്. സാധാരണക്കാർക്കും താങ്ങാനാവുന്ന വിലയിൽ ഏവർക്കും പോഷകാഹാരലഭ്യത ഉറപ്പുവരുത്താൻ സമൂഹത്തിൽ ഐക്യദാർഢ്യത്തിന്റെയും നീതിയുടെയും മൂല്യങ്ങൾ വളർത്തിയെടുക്കണമെന്നും, ഭക്ഷ്യവ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തണമെന്നും തന്റെ സന്ദേശത്തിൽ പാപ്പാ എഴുതി. ഏവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രയത്നങ്ങളിൽ, പ്രകൃ

തിയുടെ പരിപാലനത്തിനും സംരക്ഷണത്തിനും മുൻഗണന കൊടുക്കേണ്ടതിന്റെ പ്രാധാന്യവും എടുത്തുപറഞ്ഞു. ലോകത്തുനിന്ന് പട്ടിണിയും ദാരിദ്ര്യവും തുടച്ചുമാറ്റുന്നതിൽ, ഭക്ഷ്യ കാർഷിക സംഘടനയ്ക്കും ഇതരസംഘടനകൾക്കും സഭ നൽകിവരുന്ന പിന്തുണ തുടരുമെന്ന് പാപ്പാ ഉറപ്പുനൽകി. ഏവർക്കും ഭക്ഷണം ഉറപ്പുവരുത്താൻ വേണ്ടിയുള്ള ശ്രേഷ്ഠമായ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പാപ്പാ ദൈവാനുഗ്രഹങ്ങൾ ആശംസിക്കുകയും ചെയ്തു. ഭക്ഷ്യ കാർഷിക സംഘടനയിലേക്കുള്ള വത്തിക്കാൻ സ്ഥിരം നിരീക്ഷകൻ മോൺസിഞ്ഞോർ ചീക്ക അരെയ്യാനോ ആണ് പാപ്പായുടെ സന്ദേശം വായിച്ചത്.

## എവിടെയും പരക്കണം സുവിശേഷ വെളിച്ചം

സുവിശേഷത്തിന്റെ വെളിച്ചം ഇനിയും ധാരാളമിടങ്ങളിൽ എത്തേണ്ടത് ആവശ്യമാണെന്ന് ഫ്രാൻസിസ് പാപ്പ. ഏറെ പ്രക്ഷുബ്ധമായ സാഹചര്യം ലോകം മുഴുവൻ നിലനിൽക്കുന്ന അവസ്ഥയിൽ , നിർണ്ണായകമായ ഒരു തിരഞ്ഞെടുപ്പിന് വേണ്ടി ഒരുമിച്ചുകൂടിയ പാഷനിസ്റ്റ് വൈദികരുടെ പൊതുചാപ്റ്ററിൽ അംഗങ്ങളായവരുമായി വത്തിക്കാനിൽ കൂടിക്കാഴ്ച നടത്തവേയാണ് പാപ്പാ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. 'ഞാൻ ആരെ അയക്കും, ആര് നമുക്ക വേണ്ടി പോകും?' എന്ന ഏശയ്യാ പ്രവാചകന്റെ വചനങ്ങളും, 'വിളവെടുപ്പിന് തൊഴിലാളികളെ അയയ്ക്കാൻ വിളവെടുപ്പിന്റെ നാഥനോട് പ്രാർഥിക്കുക' എന്ന ലൂക്കാ സുവിശേഷകന്റെ വചനങ്ങളും എടുത്തുപറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ തന്റെ സന്ദേശം ആരംഭിച്ചത്. തുടർന്ന്, അംഗങ്ങളായവർ വരുന്ന ഭൂഖണ്ഡങ്ങളെപ്പറ്റി പാപ്പാ ചോദിച്ചു. ഏഷ്യയിൽ നിന്നുമായിരുന്നു കൂടുതൽ പേരും. യേശുവിന്റെ സുവിശേഷം സാധ്യമായ രീതിയിൽ ഏറ്റവുമധികം ആളുകളിലേക്ക് എത്തിക്കുന്നതാണ് മിഷനറി ദൗത്യമെന്നും ഇതാണ് ആസന്നമാകുന്ന ജൂബിലിയുടെ ലക്ഷ്യമെന്നും പാപ്പാ പറഞ്ഞു. ആളുകളെ കണ്ടുമുട്ടുന്നതിനും ആരെയും കൈവിടാത്ത കർത്താവുമായുള്ള കണ്ടുമുട്ടലിനും സൗകര്യമൊരുക്കുന്നതിന് കൂടുതൽ വഴികൾ തുറക്കണമെന്ന് പാപ്പാ എടുത്തു പറഞ്ഞു. അതിനാൽ ലോകത്തിന്റെ തെരുവുകളിലേക്കും ചത്വരങ്ങളിലേക്കും ഇടവഴികളിലേക്കും ഇറങ്ങിച്ചെല്ലേണ്ടത് ആവശ്യമാണ്. ഇതിനു പരസ്പരമുള്ള സാഹോദര്യ ബന്ധവും പിന്തുണയും ധ്യാനാത്മക ജീവിതവും ഒഴിച്ചുകൂടാനാവാത്തതാണെന്നും പാപ്പാ പറഞ്ഞു. പ്രവർത്തനങ്ങളിൽ ധ്യാനാത്മക ജീവിതം ഉപേക്ഷിക്കരുതെന്നും ഇത് കർത്താവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞുകൊണ്ട് ഒരുമിച്ചു നടക്കുന്നതിലൂടെയാണ് സാധ്യമാകുന്നതെന്നും പാപ്പാ പറഞ്ഞു. യേശുവിന്റെ ക്രൂശിലെ മരണം ദൈവസ്നേഹത്തിന്റെ പരമോന്നത പ്രകടനമാണ് എന്നതായിരുന്നു പാഷനിസ്റ്റ് സഭയുടെ സ്ഥാപകനായ കുരിശിലെ വിശുദ്ധ പൗലോസിന്റെ ബോദ്ധ്യമെന്നും അത് സഹനങ്ങൾ സഹിക്കുവാൻ ഒരുവനെ സഹായിക്കുന്ന ഊർജ്ജമായി അദ്ദേഹത്തിൽ മാറിയെന്നും പാപ്പാ ചൂണ്ടിക്കാട്ടി. നമ്മുടെ കാലത്തെ കഷ്ടപ്പാടുകളിൽ ക്രൂശിക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതുമായ യേശുവിന്റെ സാന്നിധ്യത്തിൽ വളരുന്നതിനും ദുർബലരെ ചേർത്തുനിർത്തുന്നതിനും എല്ലാവർക്കും സാധിക്കണമെന്ന് പാപ്പാ ആശംസിച്ചു. നമ്മുടെ സഹോദരീസഹോദരന്മാരുടെ വേദന അർത്ഥശൂന്യമായി മാറാതിരിക്കാൻ സ്നേഹത്താൽ ആ വേദനകളുടെ അർത്ഥം തിരിച്ചറിയുവാൻ സാധിക്കണം. മെത്രാൻ സിനഡും, ജൂബിലി വർഷവും എല്ലാം ഒത്തുചേരുന്ന ഈ അവസരത്തിൽ നിത്യജീവനിലേക്കുള്ള പ്രത്യാശയുടെ വഴിയിലേക്ക് എല്ലാവരെയും നയിക്കുവാൻ സഭയ്ക്കുള്ള ഉത്തരവാദിത്വത്തെയും പാപ്പാ അടിവരയിട്ടു പറഞ്ഞു. ❍



# ദുർബലരുടെ ചാരെ നിന്ന് സേവനത്തിന്റെ പാത തുറക്കാം

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



കാപട്യവും പ്രകടനപരതയും വെടിഞ്ഞ് ആരെയും ഇകഴ്ത്താതെ ദുർബലരുടെ ചാരെ നിന്ന് സേവനത്തിന്റെ പാത തുറക്കാനുള്ള ഉപകരണമാണ് അധികാരമെന്ന് പരി. പിതാവ് ഫ്രാൻസീസ് പാപ്പ പ്രബോധിപ്പിച്ചു. വി.മർക്കോസിന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം മുപ്പത്തെട്ടു മുതൽ നാൽപ്പത്തിനാലുവരെയുള്ള തിരുവചനങ്ങൾ വിശദീകരിച്ച് ഫരീസേയ നിയമജ്ഞരുടെ കപട സ്വഭാവത്തെയും മനോഭാവത്തെയും തുറന്നു കാട്ടി അപലപിക്കുന്ന ഈശോയുടെ വചനങ്ങൾ ഉൾക്കൊള്ളുന്ന തിരുവചന ഭാഗത്തെ കുറിച്ചാണ് പാപ്പാ പഠിപ്പിക്കുന്നത്. ജറുസലേം ദേവാലയത്തിൽ ഈശോ നിയമജ്ഞരുടെ അപകടകരമായ കപട മനോഭാവത്തെയാണ് തുറന്നു കാട്ടുന്നത്.

## ഇസ്രായേലിലെ നിയമജ്ഞർ

ഇസ്രായേൽ സമൂഹത്തിൽ ഒരു സുപ്രധാന ദൗത്യം ഏൽപ്പിക്കപ്പെട്ട, ബഹുമാന്യത കൽപ്പിക്കപ്പെട്ട സമൂഹം ആണ് നിയമജ്ഞരുടേത്. വളരെ പ്രാധാന്യമേറിയ ചുമതലകൾ



ബദ്ധാശ്രദ്ധയോടെ നിറവേറ്റുന്ന വരാണ് അവർ. തിരുവെഴുത്തുകൾ വായിക്കുകയും പകർത്തുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നവരാണ് നിയമജ്ഞർ. അതിനാൽ തന്നെ ഇസ്രായേലിൽ നിയമജ്ഞർ വളരെയധികം അംഗീകരിക്കപ്പെടുകയും ജനങ്ങൾ അവരെ ആദരിക്കുകയും ചെയ്തിരുന്നു. അതിനാൽ തന്നെ ലഭിക്കുന്ന ആദരവനുസരിച്ച് ഇവർ മറ്റുള്ളവരോടും പെരുമാറണം. മതനേതാക്കന്മാരായ അവരുടെ കടമകളിൽ ഒന്നാണ് വിധവകളെ സഹായിക്കുകയെന്നത്. എന്നാൽ അന്നത്തെ മതനേതൃത്വം വിധവകളെ സഹായിക്കുന്നതിനു പകരം അവരുടെ വസ്തുവകകൾ ഉപായത്തിലൂടെ കൈവശമാക്കി കഷ്ടപ്പെടുത്തിയിരുന്നു. സാമൂഹ്യ സംവിധാനം ആ കാലഘട്ടത്തിൽ എത്ര മാത്രം ദുഷിച്ചതായിരുന്നു എന്ന് ഇത് തെളിയിക്കുന്നു. സമൂഹം നൽകിപ്പോന്ന അംഗീകാരവും ബഹുമതിയും അവർ തന്നെ ദുർവിനിയോഗം വഴി നഷ്ടമാക്കിയിരുന്നു. ഫ്രാൻസീസ് പാപ്പാ പറയുന്നത് ഈ നേതാക്കന്മാർ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രം ബാഹ്യ പ്രകടനങ്ങൾ നടത്തിയവരായിരുന്നു എന്നാണ്. നമ്മുടെ പ്രവർത്തനങ്ങൾ അങ്ങനെ ആകരുത് എന്ന് പാപ്പ അനുശാസിക്കുന്നു.

**ആന്തരികത പ്രധാനം**

നിയമജ്ഞർ ബാഹ്യ പ്രകടനങ്ങൾക്ക് പ്രാധാന്യം നൽകി സ്വന്തനേട്ടം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ആയിരുന്നു. അവരുടെ പെരുമാറ്റം പലപ്പോഴും അവർ പഠിപ്പിച്ചവയുമായി യാതൊരു വിധത്തിലും പൊരുത്തപ്പെട്ടിരുന്നില്ല. ഫ്രാൻസീസ് പാപ്പാ പറയുന്നത് വാസ്തവത്തിൽ ഇവരിൽ ചിലർ അവർക്കുണ്ട് എന്ന് കരുതുന്ന വലിയ അധികാരവും അന്തസ്സും മൂലം മറ്റുള്ളവരെ 'മുകളിൽ നിന്നും താഴേയ്ക്ക്' നോക്കിയിരുന്നവരായിരുന്നു. മറ്റു വാക്കിൽ പറഞ്ഞാൽ മറ്റുള്ളവരെ വളരെ ഇകഴ്ത്തിയാണ് ഇവർ കണ്ടിരുന്നത്. വളരെ ഔദ്ധത്യത്തോടെ മറ്റുള്ളവരോട് പെരുമാറുകയും ചെയ്തിരുന്നു. ഈ മനോഭാവം ഏറ്റവും മോശമാണ് എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. കപടമായ മാന്യതയുടെയും നിയമ സാധുതയുടേയും മുഖംമൂടിയണിഞ്ഞ് തങ്ങൾക്ക് ലഭിക്കാവുന്ന സവിശേഷ ആനുകൂല്യങ്ങൾ അവകാശമാക്കി ജീവിക്കുന്ന അവർ പാവപ്പെട്ടവരും വിധവകളെ പോലെ ദുർബ്ബലരും ആയവരെ വേദനിപ്പിക്കുകയും കവർച്ച തന്നെ നടത്തുകയും ചെയ്തിരുന്നു. (മർക്കോ.12:40) മറ്റുള്ളവരെ സേവിക്കാൻ തങ്ങളിൽ നിക്ഷിപ്തമായ സ്ഥാനം ഉപയോഗിക്കുന്നതിനു പകരം അതിനെ അഹങ്കാരത്തിന്റേയും കൃത്രിമത്വത്തിന്റേയും ഉപകരണം ആക്കി മാറ്റുന്നു. കർത്താവുമായുള്ള കൂടിക്കാഴ്ചയുടെ നിമിഷങ്ങളായ പ്രാർത്ഥനയുടെ അവസരങ്ങൾ അവർ മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനും ജന

സമ്മതി നേടുന്നതിനുമുള്ള അവസരവുമായി കണ്ടിരുന്നു. സ്വാർത്ഥപരമായ മാന്യതയും തെറ്റായ ഭക്തിയും പ്രകടിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ചുങ്കക്കാരന്റേയും പ്രീശന്റേയും പ്രാർത്ഥനയെ കുറിച്ച് ഈശോ പറയുന്നത് (ലൂക്ക.18.9 –14) പാപ്പ ഇവിടെ സൂചിപ്പിച്ച് നിയമജ്ഞ – ഫരീസേയ മനോഭാവത്തിലുള്ള അപകടത്തെ കുറിച്ച് പഠിപ്പിക്കുന്നു. പാപ്പ ഇവിടെ ഗൗരവമായി നൽകുന്ന പ്രബോധനം നമ്മൾ മറ്റുള്ളവരോട് പ്രത്യേകിച്ചും പ്രതിരോധിക്കാൻ കഴിവില്ലാത്തവരോട് അനീതി പ്രവർത്തിക്കുന്നത് ഏറ്റവും അസ്വീകാര്യപരമാണ് എന്നാണ്. ഇത്തരത്തിലുള്ള ഒരു സാമൂഹ്യ – മത സമ്പ്രദായം തീർത്തും ഒഴിവാക്കണം. ഇത്തരം വ്യാജന്മാർക്ക് എതിരെ ആണ് ഈശോ മുന്നറിയിപ്പ് നൽകി താക്കീത് നൽകുന്നത്.

## വ്യാജന്മാരെ സൂക്ഷിക്കുക

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ പ്രബോധിപ്പിക്കുന്നത് വ്യാജന്മാരിൽ നിന്ന് അകന്നു നിൽക്കാനും അവരെ അനുകരിക്കാതിരിക്കാനും അവരെ സൂക്ഷിക്കാനും ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് എന്നാണ്. പാപ്പാ പറയുന്നത് ഈശോ തന്റെ വാക്കും മാതൃകയും പ്രവൃത്തിയും കൊണ്ട് അധികാരത്തെ കുറിച്ച് വളരെ വ്യത്യസ്തമായ കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. ആത്മത്യാഗം; എളിയ സേവനം (മർക്കോ.10:42–45) എന്നിവ വഴിയും ആളുകളോട് പ്രത്യേകിച്ച് ഏറ്റവും ആവശ്യത്തിൽ ഇരിക്കുന്നവരോട് (ലൂക്ക.10.25–37), മാതൃ പിതൃ സന്നിഭ ആർദ്രത (ലൂക്ക.11.11–13) എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈശോ അതിനെ കുറിച്ച് സംസാരിക്കുന്നത്. തങ്ങളിൽ അധികാരം നിക്ഷിപ്തമായിട്ടുള്ളവർ അവരുടെ അധികാരത്തെ മറ്റുള്ള സഹോദരങ്ങളെ ഉയർത്താനായും അവർക്ക് പ്രതീക്ഷ നൽകാനായും വിനിയോഗിക്കാൻ പരിശ്രമിക്കണം. ഫ്രാൻസീസ് പാപ്പ ചില ഗൗരവമായ ചോദ്യങ്ങളാണ് ഇവിടെ നമ്മോട് ചോദിക്കുന്നത്:

**1. നമ്മുടെ ഉത്തരവാദിത്വ മേഖലകളിൽ എങ്ങനെയാണ് നാം കൃത്യമായി പെരുമാറുന്നത്?**

**2.വിനയത്തോടെയാണോ അതോ അഹങ്കാരത്തോടെയാണോ ഞാൻ പ്രവർത്തിക്കുന്നത്?**

**3. മറ്റുള്ളവരോട് ഉദാരതയും ആദരവും കാണിക്കുന്ന വ്യക്തിയാണോ അതോ അവരോട് സ്വേച്ഛാധിപത്യപരമായും പരുഷമായും ആയിട്ടാണോ ഞാൻ പെരുമാറുന്നത്?**

**4. ഏറ്റവും ദുർബ്ബലരായ സഹോദരീ സഹോദരന്മാരുടെ ചാരെ ഞാൻ നിൽക്കുന്നുണ്ടോ? അവരെ എഴുന്നേൽപ്പിക്കാൻ എങ്ങനെ കുനിയണമെന്ന് എനിക്കറിയാമോ?**

നമ്മുടെ അധികാര കരുത്തും സ്ഥാനമാനങ്ങളും കാപട്യത്തിന്റെ മുഖമൂടിയണിഞ്ഞതാകാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം. നമ്മിലെ കാപട്യത്തിന്റെ പ്രലോഭനത്തിന് എതിരെ പോരാടാൻ ശക്തിയും മാർഗ്ഗദർശനവും നൽകാൻ ഏറ്റവും ഉത്തമയായ പരിശുദ്ധ മറിയത്തിന്റെ പക്കലേക്ക് തിരിയാൻ ഫ്രാൻസീസ് പാപ്പ ഉൽബോധിപ്പിക്കുന്നു. തികഞ്ഞ ലാളിത്യത്തോടെ നന്മ ചെയ്യാൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം. പരിശുദ്ധ മറിയം നമ്മെ സഹായിക്കട്ടെ.❍



# നിങ്ങളുടെ രക്ഷകൻ ജീവിക്കുന്നു!

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 16**

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



124. അവസാനമായി, രണ്ടാമത്തേതിൽ നിന്ന് അവിഭാജ്യമായ മൂന്നാമത്തെ ഒരു സത്യമുണ്ട്. ക്രിസ്തു ജീവിക്കുന്നു! ഇതിനെക്കുറിച്ച് നമ്മൾ നമ്മളെത്തന്നെ അനുസ്മരിപ്പിച്ചു കൊണ്ടിരിക്കേണ്ടതാവശ്യമാണ്. എന്തെന്നാൽ, കേവലം വിദൂരമായ ഒരു ഭൂതകാലത്തു നിന്നുള്ള ഒരു നല്ല മാതൃകയായി, ഒരു സ്മരണയായി, രണ്ടായിരം വർഷങ്ങൾക്കു മുമ്പ് നമ്മെ രക്ഷിച്ച ഒരാളായി, യേശുക്രിസ്തുവിനെ നാം കാണുക എന്ന അപകടസാധ്യതയുണ്ട്. എന്നാൽ, അതുകൊണ്ട് നമുക്ക് ഒരുപയോഗവുമില്ല. അതു നമ്മെ മാററമില്ലാത്തവരായി നിലനിർത്തും; സ്വതന്ത്രരാക്കുകയില്ല. നമ്മെ തന്റെ കൃപ കൊണ്ടുനിറയ്ക്കുന്ന ഒരാൾ, വിമോചിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും സൗഖ്യമാക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഒരാൾ, അയാൾ, പൂർണ്ണമായും ജീവിക്കുന്ന ഒരാളാണ്. അവിടുന്ന്, മരിച്ചവരിൽ നിന്ന് ഉയിർത്ത, അതിസ്വാഭാവിക ജീവനും ഊർജ്ജവും കൊണ്ടു നിറഞ്ഞ, സീമാതീതമായ പ്രകാശം ധരിച്ച, ക്രിസ്തുവാണ് അവിടുന്ന്. അതുകൊണ്ടാണ് വിധാ പൗലോസിന് ഇപ്രകാരം പറയാൻ കഴിഞ്ഞത്; ""ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ,



നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്" (1 കോറി. 15:7).

**എന്നും എപ്പോഴും കൂടെ....**

125. ജീവിക്കുന്ന അവിടുത്തേക്ക് നിങ്ങളുടെ ജീവിതത്തെ പ്രകാശം കൊണ്ടു നിറയ്ക്കാൻ വേണ്ടി ഓരോ നിമിഷവും അതിൽ സന്നിഹിതനാകാനും എല്ലാ ദുഃഖവും ഏകാന്തതയും എടുത്തുമാറ്റാനും കഴിയും. അവിടുന്ന് വാഗ്ദാനം ചെയ്തതുപോലെ, മറ്റെല്ലാവരും വേർപെട്ടുപോയാലും, അവിടുന്ന് നിലനിൽക്കും: "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്താ. 28:20). അവിടുന്നു തന്റെ അദൃശ്യ സാന്നിധ്യം കൊണ്ട് നിങ്ങളുടെ ജീവിതത്തെ നിറയ്ക്കുന്നു; നിങ്ങൾ എവിടെയൊക്കെപോയാലും, അവിടുന്ന് നിങ്ങൾക്കു വേണ്ടി അവിടെ കാത്തിരിക്കുന്നുണ്ടാവും. എന്തെന്നാൽ, അവിടുന്ന് ഭൂതകാലത്തിൽ മാത്രം വന്നവനല്ല. മറിച്ച്, നിത്യനൂതനമായ ചക്രവാളങ്ങളിലേക്കു യാത്രപുറപ്പെടാൻ നിങ്ങളെ ക്ഷണിച്ചുകൊണ്ട്, ഇന്നും എല്ലാ ദിവസവും അവിടുന്ന് നിങ്ങളിലേക്കു വരുന്നു.

126. സന്തുഷ്ടനായി, ആനന്ദം കവിഞ്ഞൊഴുകുന്നവനായി, യേശുവിനെ കാണുക. വിജയം വരിച്ച ഒരു സ്നേഹിതന്റെ കൂടെയെന്ന പോലെ, അവിടുത്തോടൊപ്പം ആഹ്ലാദിക്കുവിൻ. അവിടുത്തെ അവർ വധിച്ചു; വിശുദ്ധനായവനെ, നീതിമാനായവനെ, നിഷ്കളങ്കനായവനെ. എന്നാൽ, അവസാനം അവിടുന്ന് ജയിച്ചു. തിന്മയുടേത് അവസാനവാക്കല്ല. നിങ്ങളുടെ ജീവിതത്തിൽ അവസാനവാക്കുണ്ടായിരിക്കുകയില്ല. എന്തെന്നാൽ, നിങ്ങളെ സ്നേഹിക്കുകയും നിങ്ങളിൽ വിജയിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു സ്നേഹിതൻ നി



ങ്ങൾക്കുണ്ട്. നിങ്ങളുടെ രക്ഷകൻ ജീവിക്കുന്നു.

**നന്മയുടെ ആധിപത്യം**

127, അവിടുന്ന് ജീവിക്കുന്നതുകൊണ്ട്, നിങ്ങളുടെ ജീവിതത്തിൽ നന്മയ്ക്ക് ആധിപത്യം ഉണ്ടാകുകയും നമ്മുടെ എല്ലാ പോരാട്ടങ്ങളും യോഗ്യമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്യും എന്നതിൽ സംശയമില്ല. കാര്യം ഇങ്ങനെയാണെങ്കിൽ, പരാതിപ്പെടുന്നത് നിർത്തി ഭാവിയിലേക്കു നോക്കാൻ നമുക്കു കഴിയും. എന്തെന്നാൽ, അവിടുത്തോടു കൂടി അത് എപ്പോഴും സാധ്യമാണ്. നമുക്കുള്ള സുനിശ്ചിതത്വം അതാണ്. യേശു നിത്യമായി ജീവിക്കുന്നു. നാം അവിടുത്തെ മുറുകെപ്പിടിക്കുകയാണെങ്കിൽ, നമുക്ക് ജീവനുണ്ടാകുകയും ജീവിതത്തിൽ നമ്മെ ആക്രമിച്ചേക്കാവുന്ന മരണത്തിന്റെയും അക്രമത്തിന്റെയും ഭീഷണികളിൽ നിന്ന് നാം സംരക്ഷിക്കപ്പെടുകയും ചെയ്യും. 128. മറ്റെല്ലാ പരിഹാരവും അപര്യാപ്തവും താത്ക്കാലികവുമായിരിക്കും. കുറച്ചുകാലത്തേക്ക് അത് സഹായകമായേക്കും. പക്ഷേ, ഒരിക്കൽക്കൂടി തുറന്നുകാട്ടപ്പെട്ടവരും ജീവിതത്തിന്റെ കൊടുങ്കാറ്റുകൾക്കു മുമ്പിൽ ഉപേക്ഷിക്കപ്പെട്ടവരുമായി നാം നമ്മളെത്തന്നെ കാണും. മറിച്ച്, യേശുവിനോടുകൂടി, ദൃഢമായി വേരൂന്നിയതും നിലനിൽക്കുന്നതുമായ ഒരു സുരക്ഷിതത്വം നമ്മുടെ ഹൃദയങ്ങൾ അനുഭവിക്കുന്നു. “അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അറിയുന്നതിന്" (ഫിലി. 3:10) ക്രിസ്തുവിനോടുകൂടി ഒന്നായിരിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് വിശുദ്ധപൗലോസ് പറയുന്നു. ആ ശക്തി നിങ്ങളുടെ ജീവിതങ്ങളിലും നിരന്തരം വെളിപ്പെടും. എന്തെന്നാൽ, അവിടുന്ന് നിങ്ങൾക്കു ജീവൻ നൽകാനും “അതുസമൃദ്ധമായി നൽകാനും” (യോഹ. 10:10) വന്നു.

**പുതിയ ചക്രവാളവും ലക്ഷ്യവും**

129. ഈ സന്ദേശത്തിന്റെ സൗന്ദര്യം വിലമതിക്കുന്നത് നിങ്ങളുടെ ഹൃദയത്തിൽ അഭ്യസിക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, കർത്താവിനെ അഭിമുഖീകരിക്കാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ, നിങ്ങളെ സ്നേഹിക്കാനും നിങ്ങളെ രക്ഷിക്കാനും അവിടുത്തെ അനുവദിക്കാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ, അവിടുത്തോട്, ജീവിക്കുന്ന ക്രിസ്തുവിനോട് സൗഹൃദം സ്ഥാപിക്കാനും നിങ്ങളുടെ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് അവിടുത്തോട് സംസാരിച്ചു തുടങ്ങാനും നിങ്ങൾക്കു കഴിയുമെങ്കിൽ, നിങ്ങളുടെ സമസ്ത ക്രൈസ്തവ ജീവിതവും നിലനിർത്താൻ കഴിയുന്ന അഗാധമായ ഒരനുഭവം നിങ്ങൾക്കുണ്ടാകും. മറ്റു യുവജനങ്ങളുമായി ആ അനുഭവം പങ്കുവയ്ക്കാനും നിങ്ങൾക്കു സാധിക്കും. എന്തെന്നാൽ, “ഒരു ക്രൈസ്തവനായിരിക്കുന്നത് ധാർമ്മികമായ ഒരു തെരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല, പ്രത്യുത ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണ്ണായകമായ ഒരു ലക്ഷ്യവും നൽകുന്ന ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള അഭിമുഖീകരണമാണ്. ❍





# അത്യാഗ്രഹങ്ങളുടെ അപകടമുനമ്പിൽ ?

**ആന്റണി ചടയംമുറി**

**വാർത്ത**

കേരളീയർ വിനാശകരമായ അത്യാഗ്രഹങ്ങളുടെ അപകടമുനമ്പിലാണിപ്പോൾ. പണമുണ്ടാക്കാനുള്ള നെട്ടോട്ടത്തിൽ, വളഞ്ഞ വഴികൾ തേടാൻ ചില യുവജനങ്ങൾക്കു പോലും ഇന്ന് മടിയില്ല. മയക്കു മരുന്ന് വ്യാപനവും, കേരളത്തിലെ ക്രമസമാധാനത്തകർച്ചയും ഇന്ന് പരസ്പരം ബന്ധിതമായിക്കഴിഞ്ഞിട്ടുണ്ട്. വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന നമ്മുടെ സംസ്ഥാനത്ത് ഇന്ന് സൈബർ കുറ്റകൃത്യങ്ങളും വർധിക്കുന്നു. ഏറെ സുരക്ഷിതരായിരിക്കേണ്ട അവരുടെ താമസസ്ഥലത്തുവച്ചുപോലും വയോജനങ്ങൾ കൊല്ലപ്പെടുകയാണിപ്പോൾ. ഒപ്പം ഓരോ വയോജനങ്ങളുടെ കൈവശമുള്ള മൊബൈൽ ഫോണുകൾ പോലും അവർക്കായി അകാല മരണമെത്തുന്ന വഴികളായി രൂപാന്തരപ്പെടുന്നു. 2024 ഒക്ടോബർ 28 വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ 635 കോടി രൂപ സൈബർ ക്രിമിനലുകൾ അപഹരിച്ചുകഴിഞ്ഞു. ഇതിൽ പൊലീസിന് വീണ്ടെടുക്കാനായത് 87 കോടി രൂപ മാത്രമാണ്. ഇത്തരം ചതിക്കുഴികളിൽ വീഴുന്ന എല്ലാവരും പലവിധ കാരണങ്ങളാൽ പൊലീസിൽ പരാതിപ്പെടുന്നില്ലെന്നതും ഒരു യഥാർത്ഥ്യമാണ്. നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലും ഇന്ന് അയൽവാസി ആരെന്നറിയാത്ത സംസ്ക്കാരം വ്യാപിക്കുകയാണ്. തൊട്ടടുത്തുള്ള അയൽക്കാരനെ വിശ്വസിക്കാതിരിക്കുകയും, ലോകത്ത് എവിടെയോ ഇരുന്ന് ഇന്റർനെറ്റിൽ ബന്ധപ്പെടുന്ന വ്യക്തിയെ വിശ്വസിക്കുകയും ചെയ്യുന്ന സാമൂഹ്യ വൈരുദ്ധ്യം നമ്മെ അമ്പരപ്പിക്കുന്നു. കുടുംബ, സാമൂഹിക ബന്ധങ്ങളുടെ പൊട്ടിപ്പോയ കണ്ണികൾ നമുക്ക് വിളക്കിച്ചേർക്കാനുള്ള ശ്രമങ്ങൾ വേണം. അങ്ങനെ മാത്രമേ, അതിമോഹത്തിന്റെയും അക്രമത്തിന്റെയും കെണികളിൽ നിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയൂ.

**ചിന്ത**


ആളുകൾ സ്വയംകേന്ദ്രീകൃതരും തങ്ങളിൽത്തന്നെ അടച്ചു പൂട്ടിക്കഴിയുന്നവരുമാകുമ്പോൾ അത്യാഗ്രഹം വർദ്ധിക്കുന്നു.

**– ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി –പേജ് –164)**

പി ഒ സി
വാങ്മയം

# ഇന്ത്യൻ റെയിൻബോ @ കൊച്ചി

പി ഒ സി പാലാരിവട്ടം









ലഫ്റ്റനന്റ് കേണൽ
ഡോ. സോണിയ ചെറിയാൻ



ബിജു സി പി



മിനി പ്രസാദ്




ജോർജ് ജോസഫ്.കെ

കേരള കത്തോലിക്ക മെത്രാൻ സമിതി

VATHICAN THARANGAM
RN 55178/94
Total Pages 28 Date of Publication 31-10-2024

**PRE-ORDER NOW**




"Human suffering is a way towards the mystery. Bresson says, I am only a way to mystery. For him, suffering is the way to have a contact with God (mystery)."

**— Mons. Dario Edoardo Viganò**
*Vice Chancellor to the Pontifical Academy of Sciences and Social Sciences, Holy See*

# ROBERT BRESSON CINEMATOGRAPHY
## Theology of Suffering

**Dr. Cibu Irimbinikal**

Foreword by
**Mons. Dario Edoardo Viganò**

ISBN: **978-93-92231-85-8**
Pages: **312**

Book Release:
**December 15, 2024**

**₹495**
Including Postage

RECTO & VERSO

Place order / Phone Pay: **+91 99475 89442**
Buy Online @ **www.vcthomaseditions.com**

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.